നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതുകൂടാതെ എൽ.ജി.എസ്. നിയമനങ്ങൾ ത്വരിതപ്പെടുത്തുന്നതിനായി 2015 ജൂലൈ മാസം വരെയുള്ള പ്രസ്തുത തസ്തികയിലെ പ്രതീക്ഷിത ഒഴിവുകൾ മുൻകൂറായി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാനും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) അനുബന്ധമായി ചേർക്കുന്നു.*

പി.എസ്.സി.-യുടെ പരീക്ഷാരീതി

41 (1745) ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. സണ്ണി ജോസഫ് :
ശ്രീ. ജോസഫ് വാഴക്കൻ :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പി.എസ്.സി.-യുടെ പരീക്ഷാരീതി പരിഷ്കരിച്ചിട്ടുണ്ടോ ; എങ്കിൽ എന്തെല്ലാം പരിഷ്കാരങ്ങളാണ് വരുത്തിയിട്ടുള്ളത് ; വിശദമാക്കുമോ ;

(ബി) നിലവിലെ പരീക്ഷാരീതിയിൽ ഉദ്യോഗാർത്ഥികൾക്കുള്ള എന്തെല്ലാം ആശങ്കകളാണ് പ്രസ്തുത പരിഷ്കാരങ്ങൾ വഴി പരിഹരിക്കപ്പെടുന്നത് ; വിശദമാക്കുമോ ;

(സി) പ്രസ്തുത പരിഷ്കാരങ്ങൾ നടപ്പാക്കുന്നതിന് ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് ; വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

(എ) പി.എസ്.സി.-യുടെ പരീക്ഷാരീതി പരിഷ്കരിക്കുന്നതിന്റെ ഭാഗമായി ഓൺലൈൻ പരീക്ഷാ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

(ബി) ഓൺലൈൻ പരീക്ഷ മുഖേന റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതിലെ കാലതാമസം ഒഴിവാക്കുവാൻ സാധിക്കും.

(സി) പരിഷ്കാരങ്ങൾ നടപ്പിലാക്കുന്നതിന്റെ ഭാഗമായി തിരുവനന്തപുരം, പത്തനംതിട്ട, എറണാകുളം എന്നീ ജില്ലകളിൽ ഓൺലൈൻ പരീക്ഷാ കേന്ദ്രങ്ങൾ സ്ഥാപിച്ചിട്ടുണ്ട്. കോഴിക്കോട് ജില്ലയിൽ ഓൺലൈൻ പരീക്ഷാ കേന്ദ്രത്തിന്റെ നിർമ്മാണം പുരോഗമിച്ചു വരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

എൽ.ഡി. ക്ലാർക്ക് നിയമനം

42 (1746) ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിവിധ വകുപ്പുകളിൽ എൽ.ഡി. ക്ലാർക്ക് നിയമനത്തിന് പി.എസ്.സി. റാങ്ക് ലിസ്റ്റുകൾ നിലവിലുണ്ടോ ;

(ബി) എങ്കിൽ പ്രസ്തുത ലിസ്റ്റുകളിൽനിന്ന് ഓരോ ജില്ലയിലും ഇതുവരെ നടന്ന നിയമനങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ ;

(സി) കഴിഞ്ഞ വർഷം ഈ തസ്തികയിൽ എത്ര ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും അവയിൽ എത്ര നിയമനങ്ങൾ നടത്തിയിട്ടുണ്ടെന്നും അറിയിക്കാമോ ;

(ഡി) വകുപ്പുകളിൽ നിന്നും ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിൽ കാലതാമസം വരുത്തുകയോ നിയന്ത്രണം ഏർപ്പെടുത്തുകയോ ചെയ്തിട്ടുള്ളതായി അറിയുമോ ;

(ഇ) എങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ ;

(എഫ്) നിലവിലുള്ള ഒഴിവുകൾ പൂർണ്ണമായും റിപ്പോർട്ട് ചെയ്യ് നിയമന നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) 31-3-2015-ന് നിലവിൽവന്ന ലിസ്റ്റിൽ നിന്നും നിയമന നടപടികൾ ഉടൻ ആരംഭിക്കുന്നതാണ്.

(സി)

തിരുവനന്തപുരം	-	470
കൊല്ലം	-	185
ആലപ്പുഴ	-	184
പത്തനംതിട്ട	-	169
കോട്ടയം	-	187
ഇടുക്കി	-	199
എറണാകുളം	-	364
തൃശ്ശൂർ	-	318